ഉത്തരം

(എ) ആകെ 28574 പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്. നേർച്ചപ്പാറ, കുഞ്ഞിയാർപതി, ചുരുപാറ, മന്നണ്ണക്കയം, ലടാക്ക്, പോത്തുകാട്, അട്ടവാടി (പകുതി), പാലക്കുഴി എന്നീ ഭാഗങ്ങളിൽ വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ ബാക്കിയുണ്ട്. ഇതിൽ അട്ടവാടി (പകുതി), പാലക്കുഴി എന്നീ പ്രദേശങ്ങളിൽ ലൈൻവലിച്ചു കഴിഞ്ഞെങ്കിലും വനം വകുപ്പിൽ നിന്നുള്ള എതിർപ്പ് കാരണം കണക്ഷൻ കൊടുത്തിട്ടില്ല. ബാക്കിയുള്ള പ്രദേശങ്ങൾ RGGVY പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പണി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമായി ആരവല്ലി ഇൻഫ്രാ പവർ ലിമിറ്റഡ്, ന്യൂഡൽഹി എന്ന സ്ഥാപനത്തിന് വർക്ക് തുടങ്ങുന്നതിന് അനുമതി നല്കിയിട്ടുണ്ട്.

ബാലുശ്ശേരി നിയോജക മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാനുള്ള നടപടി

198 (1160) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാനുള്ള നടപടിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈയിനത്തിൽ ബോർഡിലേക്ക് എം.എൽ.എ.യും, എം.പി.യും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നൽകിയ വിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തെ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിന് 1,16,17,950 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) തലക്കുളത്തൂർ പഞ്ചായത്ത് വിഹിതം നൽകിയത് – 3,75,187 രൂപ, പനങ്ങാട് പഞ്ചായത്ത് നൽകാമെന്നേറ്റത് – 10 ലക്ഷം രൂപ, എം.എൽ.എ. വാഗ്ദാനം ചെയ്തത് – 49,46,263 രൂപ, എം.പി. ഫണ്ടിൽ നിന്നും വാഗ്ദാനം ചെയ്തത് – 4,36,550 രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly